## എസ്ബിഐ ലൈഫ് - ന്യൂ സ്മാർട്ട് സമൃദ്ധി എന്തുകൊണ്ട്?

എസ്ബിഐ ലൈഫ് - ന്യൂ സ്മാർട്ട് സമൃദ്ധിയിലൂടെ നിങ്ങൾക്ക് ലഭിക്കുന്നു ഗ്യാരണ്ടീഡ് അഡീഷൻസ് പ്രദാനം ചെയ്യുന്ന ഒരു പരിഹാരം. ഇത് നിങ്ങളുടെ പ്രിയപ്പെട്ടവർക്കു വേണ്ടി ആനുകൂല്യങ്ങൾ നേടാൻ നിങ്ങളെ ശാക്തീകരിക്കുന്നു. ലളിതമായ നടപടിക്രമങ്ങളോടുകൂടി എളുപ്പത്തിൽ വാങ്ങാൻ കഴിയുന്ന ഈ പ്രൊഡക്ട് നിങ്ങളുടെ കുടുംബത്തെ സാമ്പത്തികമായി സുരക്ഷിതമാക്കുന്നു. എസ്ബിഐ ലൈഫ് - ന്യൂ സ്മാർട്ട് സമൃദ്ധി ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ് സേവിംഗ്സ് പ്രൊഡക്ട് ആണ്.

## മുഖ്യ സവിശേഷതകൾ

**പരിരക്ഷ :** പോളിസി കാലാവധി മുഴുവനും ഇൻഷുറൻസ് പരിരക്ഷ.

**ഗ്യാരണ്ടീഡ് അഡീഷൻസിലൂടെ സമ്പാദ്യം വർദ്ധിപ്പിക്കുന്നു^:** നിങ്ങളുടെ പ്രായവും തിരഞ്ഞെടുക്കുന്ന വാർഷികൃത# പ്രീമിയവും അനുസരിച്ച് നിങ്ങൾ അടയ്ക്കുന്ന ആകെ വാർഷികൃത# പ്രീമിയങ്ങളുടെ 155% മുതൽ 173% വരെ മെച്യൂരിറ്റി ആനുകൂല്യമായി നേടൂ.

**പരിമിതമായ പ്രീമിയം അടയ്ക്കൽ കാലാവധി :** കേവലം 7 വർഷത്തേക്കു പ്രീമിയം അടയ്ക്കൂ, പോളിസി കാലാവധിയായ 15 വർഷം വരെ ആനുകൂല്യം ആസ്വദിക്കൂ.

**സൗകര്യപ്രദമായ പ്രീമിയം അടയ്ക്കൽ :** പ്രീമിയങ്ങൾ വാർഷിക അല്ലെങ്കിൽ പ്രതിമാസ രീതിയിൽ അടയ്ക്കാം.

**നികുതി ഇളവുകൾ**:** ഇൻകം ടാക്സ് ആക്ട്, 1961നു കീഴിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നികുതി ഇളവുകൾ ലഭ്യമാണ്.

**നികുതി ഇളവുകൾ ആദായ നികുതി നിയമങ്ങൾ പ്രകാരമുള്ളതും സമയാ സമയങ്ങളിൽ മാറ്റങ്ങൾക്കു വിധേയവുമാണ്. ദയവായി താങ്കളുടെ നികുതി ഉപദേഷ്ടാവുമായി ചർച്ച ചെയ്യുക.

## ^ഗ്യാരണ്ടീഡ് അഡീഷൻസ്

ഗ്യാരണ്ടീഡ് അഡീഷൻസ് ബാധകമാകുന്നത് അടച്ചിട്ടുള്ള ആകെ പ്രീമിയത്തിന്മേലാണ്. അത് അന്നേ തീയതി വരെ പോളിസിഹോൾഡർ അടച്ചിട്ടുള്ള പ്രീമിയങ്ങളുടെ ആകെ തുകയിൽ നിന്നും ബാധകമായ നികുതികൾ, അണ്ടർറൈറ്റിംഗ് എക്സ്ട്രാ പ്രീമിയങ്ങൾ, മോഡൽ പ്രീമിയത്തിനുള്ള ലോഡിംഗ് എന്നിവ ഒഴികെയുള്ളതാണ്. ഇത് ഓരോ പോളിസി വർഷത്തിന്റെയും ഒടുവിൽ പ്രാബല്യത്തിലുള്ള പോളിസികൾക്ക് ഒരു മിതമായ നിരക്കിൽ ആയിരിക്കും. ഗ്യാരണ്ടീഡ് അഡീഷൻ ശതമാനം തിരഞ്ഞെടുത്തിട്ടുള്ള വാർഷികൃത# പ്രീമിയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ഈ ഗ്യാരണ്ടീഡ് അഡീഷൻസ് പോളിസിയുടെ മെച്യൂരിറ്റി സമയത്ത് ബേസിക് സം അഷ്വേർഡിനൊപ്പമോ, അതിനു മുമ്പ് ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മരിക്കുകയാണെങ്കിൽ സം അഷ്വേർഡ് ഓൺ ഡെത്തിനൊപ്പമോ നൽകുന്നതാണ്.

ഗ്യാരണ്ടീഡ് അഡീഷൻസ് ₹30,000 ൽ താഴെയുള്ള വാർഷിക പ്രീമിയങ്ങൾക്ക് 5.5%*വും, ₹30,000 വും അതിനു മുകളിലുമുള്ള വാർഷിക പ്രീമിയങ്ങൾക്ക് 6.0%*വും ആയിരിക്കും.

മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രവേശന സമയത്തെ പ്രായത്തെയും പ്രീമിയത്തെയും ആധാരമാക്കി, മെച്യൂരിറ്റിയിൽ ഉറപ്പു നൽകപ്പെടുന്ന, നിങ്ങൾ അടയ്ക്കുന്ന ആകെ ബേസിക് പ്രീമിയങ്ങളുടെ ഏകദേശ ശതമാനം താഴെ കൊടുത്തിരിക്കുന്നു:

| പ്രവേശത്തിലെ പ്രായം (വർഷത്തിൽ) | മെച്യൂരിറ്റി ആനുകൂല്യം, അടയ്ക്കുന്ന ആകെ ബേസിക് പ്രീമിയങ്ങളുടെ % | |
|---|---|---|
| | വാർഷികൃത പ്രീമിയം (രൂപയിൽ ബാധകമായിട്ടുള്ള നികുതികൾ ഒഴികെയും) 12,000 - 29,000 ന് | വാർഷികൃത പ്രീമിയം (രൂപയിൽ ബാധകമായിട്ടുള്ള നികുതികൾ ഒഴികെയും) 30,000 - 75,000 ന് |
| 18 - 21 | 167% | 173% |
| 22 - 33 | 166% | 172% |
| 34 - 37 | 165% | 171% |
| 38 - 39 | 164% | 170% |
| 40 - 41 | 163% | 169% |
| 42 - 43 | 162% | 168% |
| 44 | 161% | 167% |
| 45 | 160% | 166% |
| 46 - 47 | 159% | 165% |
| 48 | 158% | 164% |
| 49 | 157% | 163% |
| 50 | 155% | 161% |

#വാർഷികൃത പ്രീമിയം എന്നാൽ ഒരു പോളിസി വർഷത്തിൽ അടയ്ക്കേണ്ട പോളിസിഹോൾഡർ തിരഞ്ഞെടുത്തിട്ടുള്ള പ്രീമിയമാണ്, ബാധകമാകുന്ന നികുതികൾ, അണ്ടർറൈറ്റിംഗ് എക്സ്ട്രാ പ്രീമിയങ്ങൾ, മോഡൽ പ്രീമിയത്തിനുള്ള ലോഡിംഗ് എന്നിവ ഒഴികെ.

*മുകളിൽ നിർവ്വചിച്ചിരിക്കുന്ന ഗ്യാരണ്ടീഡ് അഡീഷൻസ് സിമ്പിൾ നിരക്കനുസരിച്ചാണ്, കോമ്പൗണ്ടിംഗ് നിരക്കനുസരിച്ചല്ല.

## പദ്ധതി വിവരണം

| | | |
|---|---|---|
| പ്രായം - 29 വയസ്സ് | പ്രീമിയം അടയ്ക്കൽ കാലാവധി (പിപിടി) - 7 വർഷം | പോളിസി കാലാവധി - 15 വർഷം |
| വാർഷികൃത പ്രീമിയം - ₹30,000 പ്ര.വ. | ബേസിക് സം അഷ്വേർഡ് - ₹2,10,300 | രീതി - വാർഷികം |

**മെച്യൂരിറ്റി വാല്യൂ^^:** ബേസിക് സം അഷ്വേർഡ് + കൂട്ടിച്ചേർക്കപ്പെട്ട ഗ്യാരണ്ടീഡ് അഡീഷൻസ് = ₹2,10,300 + ₹1,51,200 = ₹3,61,500

^^നൽകിയിരിക്കുന്ന മെച്യൂരിറ്റി വാല്യൂ സംഖ്യകൾ വിശദീകരണ ഉദ്ദേശ്യത്തിനും ആരോഗ്യമുള്ള ഒരു ജീവതത്തിനുള്ളതുമാണ്. പ്രായത്തിന്റെയും വാർഷികൃത പ്രീമിയത്തിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളിൽ വ്യത്യാസം വന്നേക്കാം.


Insurance Plans With Savings

SBI Life - New Smart Samriddhi

UIN:111N129V01

SBI Life

നമുക്കായി. നമ്മുടെ പ്രിയപ്പെട്ടവർക്കായി.




## പ്ലാൻ ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| **പ്രവേശന പ്രായം**[1] | **കുറഞ്ഞത് :** 18 വയസ്സ് | **പരമാവധി :** 50 വയസ്സ് |
| **മെച്യൂരിറ്റിയിലെ പരമാവധി പ്രായം**[1] | 65 വയസ്സ് | |
| **പോളിസി കാലാവധി** | 15 വർഷം | |
| **പ്രീമിയം അടയ്ക്കൽ കാലാവധി** | 7 വർഷം | |
| **പ്രീമിയം അടയ്ക്കൽ രീതി** | വാർഷികം/മാസികം<br>പ്രതിമാസ രീതിയിൽ പ്രതിമാസ പ്രീമിയം വാർഷികൃത പ്രീമിയത്തിന്റെ നിശ്ചിത ശതമാനം എന്ന നിലയിൽ വാർഷികൃത പ്രീമിയത്തിന്റെ 8.50% ആണ് | |
| **വാർഷികൃത പ്രീമിയം (₹1,000 ന്റെ ഗുണിതങ്ങളിൽ)** | **ഒരു പോളിസിക്ക് മിനിമം :** ₹12,000 | **ഒരു ലൈഫ് പരിധിക്ക് പരമാവധി :** ₹75,000<br>പരമാവധി പ്രീമിയം ബോർഡ് അംഗീകൃത അണ്ടർറൈറ്റിംഗ് പോളിസി അനുസരിച്ചായിരിക്കും. |
| **ബേസിക് സം അഷ്വേർഡ്** | **കുറഞ്ഞത് :** ₹75,120<br>(മിനിമം പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ) | **പരമാവധി :** ₹5,28,000<br>(പരമാവധി പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ)<br>പരമാവധി അനുവദിക്കുന്ന ബേസിക് സം അഷ്വേർഡ് അംഗീകൃത അണ്ടർറൈറ്റിംഗ് പോളിസി അനുസരിച്ചായിരിക്കും. |
| **ഡെത്ത് ബെനിഫിറ്റ് (പ്രാബല്യത്തിലുള്ള പോളിസികൾക്ക്)** | സം അഷ്വേർഡ് ഓൺ ഡെത്ത് **+** കൂട്ടിച്ചേർക്കപ്പെട്ട ഗ്യാരണ്ടീഡ് അഡീഷൻസ്^ (ഉണ്ടെങ്കിൽ). ഇതിൽ സം അഷ്വേർഡ് ഓൺ ഡെത്ത് എന്നത് ബേസിക് സം അഷ്വേർഡ് **അല്ലെങ്കിൽ** വാർഷികൃത പ്രീമിയത്തിന്റെ 10 മടങ്ങ് **അല്ലെങ്കിൽ** മരണം നടന്ന തീയതി വരെ ലഭിച്ചിട്ടുള്ള$ ആകെ പ്രീമിയങ്ങളുടെ 105% എന്നിവയിൽ ഏതാണോ കൂടുതലുള്ളത്, അതായിരിക്കും. | |
| **മെച്യൂരിറ്റി ബെനിഫിറ്റ് (പ്രാബല്യത്തിലുള്ള പോളിസികൾക്ക്)** | ബേസിക് സം അഷ്വേർഡ് + കൂട്ടിച്ചേർക്കപ്പെട്ട ഗ്യാരണ്ടീഡ് അഡീഷൻസ്^ (ഉണ്ടെങ്കിൽ). | |

[1]പ്രായം നിർണ്ണയിക്കുന്നത് കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

[$]ലഭിച്ചിട്ടുള്ള/അടച്ചിട്ടുള്ള ആകെ പ്രീമിയങ്ങളെന്നാൽ ലഭിച്ചിട്ടുള്ള ആകെ പ്രീമിയങ്ങളാണ്, എക്സ്ട്രാ പ്രീമിയവും ബാധകമായിട്ടുള്ള നികുതികളും ഒഴികെ.

## റിബേറ്റ് നിരോധനം

**ഇൻഷുറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

1) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷുറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷൂററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.
2) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാദ്ധ്യസ്ഥനാകും.

**Toll-free No.:** 1800 267 9090 | SMS ‘**LIBERATE**’ to 56161 | **Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)

എസ്ബിഐ ലൈഫ് - ന്യൂ സ്മാർട്ട് സമൃദ്ധി ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ് സേവിംഗ്സ് പ്രൊഡക്റ്റ് ആണ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

നഷ്ടസാധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു വിൽപന നിശ്ചയിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN:L99999MH2000PLC129113.

NW/2P/ver1/02/22/SP/MAL